## (40.) കുമ്പളാംപൊയ്ക സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

ദൈവപരിപാലനയാൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിലൂടെ രൂപം കൊണ്ട പുനരൈക്യ പ്രസ്ഥാനത്താൽ കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലേക്ക് പ്രവേശിച്ച കുമ്പളാംപൊയ്ക സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം സുവർണ്ണജൂബിലി 2018-2019 ആഘോഷിച്ചു.

### ദൈവപരിപാലനയിലൂടെ ഇടവക ചരിത്രിലേക്ക് ഒരു തിരിഞ്ഞുനോട്ടം

കുമ്പളാംപൊയ്കയിൽ ഒരു മലങ്കര കത്തോലിക്കാ ദൈവാലയം സ്ഥാപിക്കുന്നതിനുള്ള ആലോചനകൾ നടക്കുന്നത് 1968 ജൂലൈ മാസത്തിലാണ്. അന്ന് കത്തോലിക്കാ വിശ്വാത്തിൽ കുമ്പളാംപൊയ്കയിൽ ഉണ്ടായിരുന്ന ഏക കുടുംബം കണികിത്തേട് മേരിഗിരി ശ്രീ.മത്തായി സ്കറിയായുടേത് ആയിരുന്നു. അവർ മണ്ണാരക്കുളഞ്ഞി, മൈലപ്ര തുടങ്ങിയ ദൈവാലയങ്ങളിൽ ആരാധനകളിൽ പങ്കെടുത്തിരുന്നു. ഒരു ദൈവാലയം കുമ്പളാംപൊയ്കയിൽ സ്ഥാപിക്കുന്നതിനായി ശ്രീ.മത്തായി സ്കറിയ, ശ്രീ.പി.ജി ജോർജ്ജ് പൂവണ്ണാൽ, ശ്രീ. എം.എം.തോമസ് മുളപ്പോംമണ്ണിൽ ഉൾപ്പെടെ പലരുമായി ആലോചനകൾ നടത്തി. അതേ തുടർന്ന് ശ്രീ.പി.ജി.ജോർജ്ജ് പുവണ്ണാൽ, ശ്രീ.എം.എം.തോമസ് മുളപ്പോംമണ്ണിൽ എന്നിവർ ഫാ.തോമസ് പണിക്കർ, ഫാ.ജോർജ്ജ് ജോൺ തുടങ്ങിയവരുമായി ചർച്ചകൾ നടത്തി. കൂടുതൽ ആലോചനകൾക്കായി അവർ ആർച്ച് ബഷപ്പ് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിനെ പൂവണ്ണാൽ വീട്ടിലേക്ക് ക്ഷണിച്ചു. 1968 ജൂലൈ മാസം 28 തീയതി അഭിവന്ദ്യ പിതാവ് പൂവണ്ണാൽ വീട്ടിൽ എത്തുകയും, 14 കുടുംബങ്ങൾ മലങ്കര കത്തോലിക്കാ സഭയിൽ ചേരാമെന്ന് സമ്മതിക്കുകയും ചെയ്തു. തൽക്കാലം പൂവണ്ണാൽ വീട്ടിൽ വച്ച് വി.കുർബാന അർപ്പിക്കാൻ പിതാവ് അനുവാദം നൽകി. പുതുക്കുളം, മണ്ണാരക്കുളഞ്ഞി, മൈലപ്ര, മേക്കൊഴൂർ തുടങ്ങിയ ദൈവാലയങ്ങളിൽ സംന്ധിച്ചിരുന്ന ചില കുടുംബങ്ങളും കുമ്പളാംപൊയ്കയിൽ ഒരു ദൈവാലയം വരുന്നതിൽ സന്തോഷിച്ചു. 1968 ആഗസ്റ്റ് മാസം 4 തീയതി പൂവണ്ണാൽ വീട്ടിൽവച്ച് ഫാ.ജോർജ്ജ് ജോൺ വി.കുർബാന അർപ്പിച്ചു. കുമ്പളാംപൊയ്ക ഇടവകയുടെ ആദ്യവികാരിയായി ഫാ. വർഗീസ് മാവേലിയിൽ നിയമിതനായി.

സഭയ്ക്കു ചെങ്ങറമുക്കിൽ 50 സെന്റ് സ്ഥലം ഉണ്ടായിരുന്നെങ്കിലും ദൈവാലയം പണിയുവാൻ അതു അനുയോജ്യമായി തോന്നിയില്ല. പുവണ്ണാൽ വീട്ടിൽ ശ്രീ.പി.ജി.ജോർജ്ജ് 45 സെന്റ് സ്ഥലം ദൈവാലയ നിർമ്മാണിനായി നൽകി. അതനുസരിച്ച് 1968 ഒക്ടോബർ 3 തീയതി ശ്രീമതി.തങ്കമ്മ ജോർജ്ജിൽ നിന്ന് 45 സെന്റ് സ്ഥലം പിതാവ് വിലക്കു വാങ്ങി. തുടർന്ന് ശ്രീ.കെ.എം.മത്തായി കണ്ണൻ പി. ലാലിന്റെ നേതൃത്വത്തിൽ ഇടവകയിൽ ചേർന്ന എല്ലാവരും കൂടി ഒരു താൽക്കാലിക ഷെഡ് നിർമ്മാണം തുടങ്ങി. പെട്ടെന്ന് തന്നെ ഒരു കൊച്ചു ദൈവാലയം ആരാധനയ്ക്കായി തയ്യാറായി. 1969 ജൂൺ മാസം 30 തീയതി അഭിവന്ദ്യ ബെനഡിക്ട് പിതാവ് പള്ളിയുടെ കൂദാശ നടത്തി വി.കുർബാന അർപ്പിച്ചു.

### ബെനഡിക്ട് പിതാവിൽ നിന്നും സഭാഗത്വം സ്വീകരിച്ചു മലങ്കര കത്തോലിക്കാ സഭയിൽ ചേർന്ന കുടുംബങ്ങൾ

1. ശ്രീ. പി.ജി. ജോർജ്ജ്, പുവണ്ണാൽ
2. ശ്രീ. എം.എം.തോമസ്, മുളപ്പോംമണ്ണിൽ
3. ശ്രീ. അന്ത്രയോസ്, പുതുപ്പറമ്പിൽ
4. ശ്രീ. യോഹന്നാൻ, കല്ലുങ്കൽ
5. ശ്രീ. വർഗീസ്, ഇടിക്കുള
6. ശ്രീ. വർഗീസ്, പുലിവാരത്തിൽ
7. ശ്രീ. ജോർജ്ജ്, നീളാത്തിൽ

8. ശ്രീ. വർഗീസ്, കണ്ണംപാറ ചരുവിൽ

9. ശ്രീ. തോമസ്, കണ്ണംപാറ ചരുവിൽ

10. ശ്രീ. തോമസ്, മാത്യു ചരിവുപുരയിടിൽ

11. ശ്രീ. കോശി, ഏബ്രഹാം, കുന്നേൽ

12. ശ്രീ. ചാക്കോ, മുളപ്പോംമണ്ണിൽ

13. ശ്രീ. യോഹന്നാൻ, പുന്നമൂട്ടിൽ

14. ശ്രീ. കെ.ജെ. പാപ്പച്ചൻ, കല്ലുങ്കൽ

മറ്റു ഇടവകകളിൽ നിന്നും ചേർന്നവർ

1. ശ്രീ. കെ.എം.മത്തായി, കണ്ണൻപിലാലിൽ

2. ശ്രീ. ബേബി, കൊച്ചുപറമ്പിൽ

3. ശ്രീ. പി.വർഗീസ് പാറക്കൽ

4. ശ്രീ. കെ.കെ.മാത്യു കാടംപ്ലാക്കൽ

5. ശ്രീ. ഡാനിയേൽ മരോട്ടിമൂട്ടിൽ

എല്ലാവരുടെയും പ്രാർത്ഥനയും, കഠിനാധ്വാനവും മൂലം 1978 ൽ പുതിയ ദൈവാലയം പൂർത്തിയായി, അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി കൂദാശ നടത്തി. വി.കുർബാന അർപ്പിച്ചു.ജേക്കബ് ജോൺ അച്ചനായിരുന്നു ഇടവക വികാരി.

ഫാ.മാത്യു ആന്റോ കണ്ണംകുളം ഇടവക വികാരിയായിരുന്നപ്പോൾ ഇടവകയിൽ പല നവീകരണ പ്രവർത്തനങ്ങൾ നടന്നു. ദൈവാലയിന്റെ ചുറ്റുമതിൽ, പാഴ്സനേജ്, ദൈവാലയത്തിന്റെ മോണ്ടളം എന്നിവ നിർമ്മിച്ചു. നവീകരിച്ച ദൈവാലയ കൂദാശ അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവ് 2006 ജനുവരി 15 തീയതി നിർവഹിച്ചു. ഫാ.വർഗീസ് കൈതോൺ ഇടവക വികാരിയായിരുന്നപ്പോൾ പള്ളിയുടെ മുൻഭാഗത്ത് മതിൽ, കുരിശ്ശടി മുതൽ പള്ളി വരെ പടികൾ എന്നിവ നിർമ്മിച്ചു പള്ളിയങ്കണം വീതികൂട്ടി ഇന്നത്തെ നിലയിലാക്കി. ഫാ.സാം ജോൺ കുഴിപ്പാറ ഇടവക വികാരിയായിരുന്നപ്പോൾ സെമിത്തേരിക്ക് സംരക്ഷണഭിത്തി തീർത്തു.

1968 തന്നെ ഫാ.വർഗീസ് മാവേലിൽ ഇടവക വികാരിയായിരുന്നപ്പോൾ ദൈവാലയത്തിന്റെ മുൻപിൽ പരി.ദൈവമാതാവിന്റെ നാമത്തിലുള്ള കുരിശ്ശടി സ്ഥാപിച്ചു. ജോഷ്വാ പീടികയിൽ അച്ചന്റെ കാലയളവിൽ കുരിശ്ശടി ഇന്നു കാണുന്ന രീതിയിൽ പുതുക്കി പണിതു. കണ്ണൻപിലാലിൽ കുടുംബത്തിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചു. ഇന്ന് പരിശുദ്ധ ദൈവമാതാവിന്റെ മുമ്പിൽ ജാതിമത ഭേദം കൂടാതെ അനേകം പേർ പ്രാർത്ഥിക്കുന്നു, അനുഗ്രഹം പ്രാപിക്കുന്നു.

കുമ്പ്ളാംപൊയ്കയിൽ ഒരു കുരിശ്ശടി സ്ഥാപിക്കണമെന്ന് വിശ്വാസികൾ ആഗ്രഹിച്ചു. 1969 ൽ മുക്കരണത്ത് ശ്രീ.എം.എം.ഏബ്രഹാം ദാനം ചെയ്ത ഒന്നര സെന്റ് സ്ഥലത്ത് ഒരു രാത്രി കൊണ്ട് വി.ഗീവർഗീസ് സഹദായുടെ നാമത്തിൽ ഫാ.തോമസ് പണിക്കർ പ്രാർത്ഥിച്ച് കുരിശ് സ്ഥാപിച്ചു. ശ്രീ.എം.എം.തോമസ്, ശ്രീ.പി.ജി. ജോർജ്ജ് തുടങ്ങിയവരുടെ സാഹസിക ശ്രമങ്ങൾ സ്മരിക്കുന്നു. ഫാ.സിജോ ജയിംസ് ചരിവുപറമ്പിൽ ഇടവക വികാരിയായിരുന്നപ്പോൾ ഇന്നു കാണുന്ന രീതിയിൽ കുരിശ്ശടി നവീകരിച്ചു. അതിനുവേണ്ടി ഭാരിച്ച ചെലവുകൾ വഹിച്ചത് പനച്ചിക്കൽ കുടുംബം ആണ്. 2012 നവംബർ 10 തീയതി പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് കൂദാശചെയ്തു.

ഇപ്പോൾ ഈ ഇടവകയിൽ 44 കുടുംബങ്ങളുണ്ട്. സഭയിലെ എല്ലാ ഭക്തസംഘടനകളും ഈ ഇടവകയിൽ സജീവമായി പ്രവർത്തിക്കുന്നു. ഫാ.മാത്യു പേഴുംമൂട്ടിൽ ഈ ഇടവകയുടെ മകനാണ്. ബ്ര. അനു പാറയ്ക്കൽ വൈദിക വിദ്യാർത്ഥിയായി തൃശ്ശൂർ സെമിനാരിയിൽ ഫിലോസഫിപഠിക്കുന്നു. ഇടവകാംഗങ്ങളായ സിസ്റ്റർ യൗനാ മൂവാറ്റുപുഴ ഭദ്രാസനത്തിലും, സിസ്റ്റർ ലീനാ തിരുവല്ല അതിഭദ്രാസനിലും സേവനം ചെയ്യുന്നു. ശ്രീ. ജോർജ്ജ് തോമസ് പൂവണ്ണാൽ സുവിശേഷ സംഘാംഗമായി സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്നു.

2018 ജനുവരി 28 തീയതി ഇടവക പെരുന്നാളിനോടനുബന്ധിച്ച് ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് ജൂബിലി തിരി തെളിച്ചും, ജൂബിലി എബ്ലം പ്രകാശനം ചെയ്തും സുവർണ്ണജൂബിലി ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ ഇടവകഗാംമായ സിസ്റ്റർ. ലീന എസ്.ഐ.സി യുടെ നിത്യവ്രതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷം നടത്തി സിസ്റ്ററിനെ ആദരിച്ചു. ജൂബിലിയുടെ ഭാഗമായി എല്ലാ ഭവനങ്ങളിലും ജൂബിലി മെഴുകുതിരി, ജൂബിലി പ്രാർത്ഥന, ജൂബിലി വഞ്ചി, ജൂബിലി കലണ്ടർ എന്നിവ അടങ്ങിയ ജൂബിലി കിറ്റ് വിതരണം ചെയ്തു. തികച്ചും ലളിതവും ആഡംബരരഹിതവും എന്നാൽ ആധ്യാത്മീക ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ടുള്ള ജൂബിലി ആഘോഷമാണ് ദൈവാലയത്തിൽ നടത്തപ്പെട്ടത്. മാസത്തിൽ മൂന്നാം ഞായറാഴ്ച 'കരുതൽ' എന്ന പേരിൽ ളാക്കൂർ കാരുണ്യഭവനിൽ ഭക്ഷണപ്പൊതി വിതരണം ചെയ്തിരുന്നു. മാസത്തിലെ അവസാന ഞായറാഴ്ച 'കരിസ്മ' എന്ന പേരിൽ ജൂബിലിയുടെ ഭാഗമായുള്ള ആത്മീയ ശുശ്രൂഷ നടത്തപ്പെട്ടു. 2018 ജൂലൈ മാസം 1-ാം തീയതി കുടുംബദിനം ആചരിക്കുകയും ശ്രീ. മോൻസി കോയിക്കലേത്ത് ക്ലാസ് നടത്തുകയും ചെയ്തു. ആഗസ്റ്റ് മാസം 16-ാം തീയതി കേരളത്തിലുണ്ടായ മഹാപ്രളയത്തിൽ കേരളം മുഴുവൻ ദുരിതം അനുഭവിച്ചപ്പോൾ ജൂബിലി ആഘോഷങ്ങൾ ലളിതമാക്കി കൊണ്ട് ഒരു ലക്ഷം രൂപ പ്രളയ ദുരിതാശ്വാസിനായിട്ട് ഭദ്രാസനാദ്ധ്യക്ഷനെ ഏൽപ്പിച്ചു. 2018 സെപ്റ്റംബർ മാസം എട്ടു നോമ്പാചരണത്തിനു ആരംഭം കുറിക്കുകയും 2-ാം തീയതി "ആദരവ്" എന്ന പേരിൽ ഇടവകയുടെ മുതിർന്ന അംഗങ്ങളെ ആദരിച്ചുകൊണ്ടുള്ള ശുശ്രൂഷ നടത്തുകയും ചെയ്തു. പ്രസ്തുത കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചത് ഭദ്രാസന സഹായമെത്രാൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവാണ്.

2019 ജനുവരി 21 മുതൽ 27 വരെ ഇടവക തിരുനാളും ജൂബിലി സമാപനവും നടത്തപ്പെട്ടു. ജനുവരി 21-ാം തീയതി ഞായറാഴ്ച "സന്യസ്ത സംഗമം" എന്ന പേരിൽ ഇടവകയിൽ ശുശ്രൂഷ ചെയ്ത സന്യസ്തരെ ആദരിക്കുകയും പ്രസ്തുത പരിപാടിയിൽ മുഖ്യാതിഥിയായി ഭദ്രാസന വികാരി ജനറാൾ മോൺ. ജോൺ തുണ്ടിയത്ത് അച്ചൻ പങ്കെടുത്തു. തുടർന്നുള്ള മൂന്നു ദിവസങ്ങളിൽ ജൂബിലി കൺവൻഷൻ ബെന്നി നാരകത്തിനാൽ അച്ചന്റെ നേതൃത്വിലുള്ള ജീസസ്സ് മിനിസ്ട്രി ടീം നടത്തി. 23-ാം തീയതി ബുധനാഴ്ച നടത്തിയ 13 മണിക്കൂർ ദിവ്യകാരുണ്യ ആരാധന ഏറ്റവും അനുഗ്രഹപ്രദമായിരുന്നു. ഭദ്രാസന സഹായമെത്രാൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവിന്റെ സാന്നിധ്യം ഈ ശുശ്രൂഷകൾക്കുണ്ടായിരുന്നു. 24-ാം തീയതി റാന്നി-പെരുനാട് വൈദികജില്ലയിലെ വികാരിമാർ വി.കുർബാനയർപ്പിച്ചു. 25-ാം തീയതി തിരുനാൾ റാസ നടത്തപ്പെടുകയും 26-ാം തീയതി ശനിയാഴ്ച ഇടവകയിൽ സേവനം ചെയ്ത മുൻ വികാരിമാർ ചേർന്ന് വി.കുർബാന അർപ്പിക്കുകയും "ആചാര്യവന്ദനം" എന്ന പേരിൽ ആദരിക്കുകയും ചെയ്തു. ജനുവരി 27-ാം തീയതി ഇടവക തിരുനാൾ കുർബാനയും സുവർണ്ണജൂബിലി സമാപനവും, കുട്ടികളുടെ ആദ്യകുർബാന സ്വീകരണവും നടത്തപ്പെട്ടു. സുവർണ്ണജൂബിലി സമാപന സമ്മേളനം ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ സുവർണ്ണജൂബിലിയുടെ ഭാഗമായുള്ള വിവാഹസഹായ ഫണ്ട് രണ്ടു ലക്ഷം രൂപയും, മാതൃവേദിയുടെ വകയായുള്ള ചികിത്സാ സഹായ ഫണ്ടും, എം.സി.വൈ.എം വകയായുള്ള വിദ്യാഭ്യാസ സഹായ ഫണ്ടും പിതാവ് വിതരണം ചെയ്തു. സുവർണ്ണ ജൂബിലിയുടെ ഭാഗമായുള്ള ഇടവക ഡയറക്ടറിയുടെ പ്രകാശനം അഭിവന്ദ്യ പിതാവ് നടത്തി. സ്നേഹഭോജനത്തോടും കൊടിയിറക്കോടും കൂടി സുവർണ്ണജൂബിലി സമാപിച്ചു.

ഇടവകയുടെ പുരോഗതിക്കുവേണ്ടി അഹോരാത്രം പ്രയത്നിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത

മൺമറഞ്ഞുപോയ എല്ലാ ശ്രേഷ്ഠാചാര്യന്മാരെയും, വൈദികരെയും, സന്യസ്തരെയും, സകല വിശ്വാസികളെയും ഈ അവസരിൽ നന്ദിയോടെ സ്മരിക്കുന്നു. നാളിതുവരെ ഈ ഇടവകയ്ക്കുവേണ്ടി രാപകൽ കഷ്ടപ്പെട്ട എല്ലാ വികാരി അച്ചന്മാരെയും, സിസ്റ്റേഴ്സിനെയും, ട്രസ്റ്റിമാർ, സെക്രട്ടറിമാർ, കമ്മിറ്റിയംഗങ്ങൾ, മതാദ്ധ്യാപകന്മാർ, ഭക്തസംഘടനകളുടെ ഭാരവാഹികൾക്കും, ദൈവാലയ കൂട്ടായ്മ നാൾക്കുനാൾ ഉന്നതിയിലേക്ക് ഉയരുവാൻ ഉതകുംവിധം ഒത്തോരുമ്മയോടെ പ്രവർത്തിച്ച് സാമ്പിക സഹായങ്ങൾ തന്ന ഇടവക സമൂഹത്തെ ഈ അവസരിൽ നന്ദിയോടെ ഓർക്കുന്നു.

**ഇടവകയിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള വൈദികർ**

1. റവ.ഫാ. വർഗീസ് മാവേലിയിൽ - 1968 - 1970
2. റവ. ഫാ.ജോർജ്ജ് ജോൺ(ജോസി) - 1968 - 1970
3. റവ. ഫാ. ഗീവർഗീസ് മണ്ണിക്കരോട്ട് - 1970
4. റവ. ഫാ. മാത്യു കയ്യാലയ്ക്കൽ - 1970 - 1976
5. റവ. ഫാ.ജേക്കബ് ജോൺ പൈയ്നമുട്ടിൽ - 1976 - 1980
6. റവ. ഫാ. ചെറിയാൻ മായിക്കൽ - 1980 - 1983
7. റവ. ഫാ. ജോഷ്വാ പീടികയിൽ - 1983 - 1986
8. റവ. ഫാ. ഏബ്രഹാം പാഷാടിയിൽ - 1986 - 1987
9. റവ. ഫാ. ജോഷ്വാ പിടികയിൽ - 1987 - 1991
10. റവ. ഫാ. ജോസഫ് വടക്കേക്കുറ്റ് - 1991 - 1992
11. റവ. ഫാ. ജോഷ്വാ പിടികയിൽ - 1992 - 1994
12. റവ. ഫാ. ജേക്കബ് കുളങ്ങര - 1994 - 1996
13. റവ. ഫാ. യോഹന്നാൻ മുളമുട്ടിൽ - 1996 - 2000
14. റവ. ഫാ. ജോർജ്ജ് പനംതുണ്ടിയിൽ - 2000
15. റവ. ഫാ. ജെയിംസ് ഇലഞ്ഞിക്കൽ - 2001
16. റവ. ഫാ. മാത്യു ആന്റോ കണ്ണംകുളം - 2001- 2007
17. റവ. ഫാ. തോമസ് മരോട്ടിമുട്ടിൽ - 2007 - 2010
18. റവ. ഫാ. ജുബി കുഴിനാപ്പുറത്ത് - 2010 - 2011
19. റവ. ഫാ. സിജോ ജയിംസ് ചരിവുപുരയിടത്തിൽ 2011- 2013
20. റവ. ഫാ. വർഗീസ് കൈതോൺ - 2013- 2014
21. റവ. ഫാ. സാം ജോൺ കുഴിപ്പാറ - 2014 - 2017
22. റവ. ഫാ. വർഗീസ് വിളയിൽ - 2017- 2019
23. റവ. ഫാ. റോണി കിഴക്കേടത്ത് കപ്പൂച്ചിൻ - 2019 -

**ഇടവകയിൽ സേവനം അനുഷ്ഠിച്ച സിസ്റ്റേഴ്സ്**

1. റവ. സി. സെഗ്ദസ് എസ്. ഐ.സി
2. റവ. സി. ബാപ്റ്റിസ്റ്റ് എസ്. ഐ.സി
3. റവ. സി. ഫ്രാൻസീന എസ്. ഐ.സി
4. റവ. സി. ആൻസി എസ്. ഐ.സി
5. റവ. സി. ദീപ എസ്. ഐ.സി
6. റവ. സി. സുരഭില എസ്. ഐ.സി
7. റവ. സി. ശാലോം എസ്. ഐ.സി
8. റവ. സി. മരിയ എസ്. ഐ. സി
9. റവ. സി. എയ്ഞ്ചൽ എസ്.ഐ. സി
10. റവ. സി.മേബിൾ എസ്. ഐ.സി
11. റവ. സി. സെലീന എസ്. ഐ.സി